പ്രബോധനം
വാരിക

# 60–ാം വാർഷികം വിജ്ഞാനപ്പരീക്ഷ

*പ്രബോധനം* 60–ാം വാർഷികത്തോടനുബന്ധിച്ച് വായനക്കാർക്ക് വേണ്ടി വിജ്ഞാനപ്പരീക്ഷ സംഘടിപ്പിക്കുന്നു. 2007–'09 കാലയളവിലെ *പ്രബോധനം* ആസ്പദമാക്കിയാണ് ചോദ്യാവലി തയാറാക്കിയിട്ടുള്ളത്. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് കാഷ് അവാർഡുകൾ നൽകുന്നതാണ്. ഒന്നിലധികം ശരിയുത്തരങ്ങൾ ലഭിക്കുന്നപക്ഷം വിജയികളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്. 2010 മാർച്ച് 31–നകം ഉത്തരങ്ങൾ *പ്രബോധനം* ഓഫീസിൽ ലഭിച്ചിരിക്കണം. വൈകി കിട്ടുന്നവ പരിഗണിക്കുന്നതല്ല. 2007 മുതലുള്ള മുഴുവൻ ലക്കങ്ങളും *പ്രബോധനം* വെബ് സൈറ്റിലെ ആർക്കൈവ്സിൽ ലഭ്യമാണ്. www.prabodhanam.net

## ചോദ്യങ്ങൾ

1. അറബി സംസാരിക്കാത്ത ആഫ്രിക്കൻ ഗോത്രങ്ങളുടെ സംരക്ഷണത്തിനായി രംഗത്തുവന്ന സംഘടനയാണ് ജസ്റ്റിസ് ആന്റ് ഇക്വാലിറ്റി മൂവ്മെന്റ് (ജെം). ഏതു രാജ്യത്താണ് ഈ സംഘടന പ്രവർത്തിക്കുന്നത്?

2. "ഒരു കുഞ്ഞിനെ സംബന്ധിച്ച് നൂറ് ഗുരുനാഥന്മാർക്ക് തുല്യമാണ് അവന്റെ പിതാവ്. ആയിരം അധ്യാപകർക്ക് തുല്യമാണ് അവന്റെ മാതാവ്" –ഇത് ആരുടെ വാക്കുകളാണ്?

3. വയനാട്ടിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്നതിനു വേണ്ടി 1950–കളിൽ ആർ.എസ്.എസ് രൂപീകരിച്ച സംഘടന?

4. 'രക്തസാക്ഷിക്കൊരു കത്ത്' എന്ന വിലാപകാവ്യം രചിച്ച ഇവർ ഇഖ്വാനു വേണ്ടി ഏറെക്കാലം തടവുശിക്ഷ അനുഭവിച്ച കമാൽ സനാനീരിയുടെ പത്നിയാണ്. ആരാണിവർ?

5. 'ജിഹാദു'മായി ബന്ധപ്പെട്ട എത്ര ആയത്തുകൾ ഖുർആനിലുണ്ട്?

6. ക്രിസ്ത്യാനികളെക്കൂടി 'ഇഖ്വാനുൽ മുസ്‌ലിമൂനി'ൽ അംഗങ്ങളായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട ക്രിസ്തീയ പുരോഹിതൻ ആര്?

7. കോട്ടയം ജില്ലയിൽ ഏകദേശം 1200 വർഷം പഴക്കമുള്ള ഒരു പള്ളിയുണ്ട്. പൂർണമായും മരത്തിൽ തീർത്തിരിക്കുന്നു എന്നതിനു പുറമെ ഒറ്റക്കല്ലിൽ തീർത്ത ഹൗള്, ഒറ്റത്തടിയിൽ പണിത എട്ടോളം തൂണുകൾ എന്നിവയും ഈ പള്ളിയുടെ പ്രത്യേകതകളാണ്. ഏതാണ് പള്ളി?

8. ഫലസ്ത്വീൻ മേഖലയിലെ അശാന്തിക്കു കാരണം ഇസ്രയേൽ തുടരുന്ന അധിനിവേശവും ഭീകരതാണ്ഡവവുമാണെന്ന് തുറന്നു പറഞ്ഞ മുൻ അമേരിക്കൻ പ്രസിഡന്റ്?

9. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി ആരാണ്? ഏതാണ് സംസ്ഥാനം?

10. Desperately Seeking Paradise എന്ന കൃതിയുടെ കർത്താവ് ആര്? ഈ കൃതിയിൽ വിപ്ലവത്തിന്റെ രീതിശാസ്ത്രത്തെ സംബന്ധിക്കുന്ന ഭാഗത്ത് മൗദൂദിയുടെ നിലപാടിനെ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്.

11. ജനകീയ പ്രശ്നങ്ങളിലെ സജീവ ഇടപെടൽ ലക്ഷ്യമാക്കി ആന്ധ്രപ്രദേശിൽ മൗലാനാ അബ്ദുൽ അസീസ് സാഹിബിന്റെ നേതൃത്വത്തിൽ രൂപീകൃതമായ സംഘടന?

12. 1947 മെയിൽ പഞ്ചാബിലെ പഠാൻകോട്ടിൽ മൗദൂദി നടത്തിയ ഒരു പ്രഭാഷണം പുസ്തകമായി പിന്നീട് പുറത്തിറങ്ങിയിരുന്നു. ഏതാണാ പുസ്തകം?

13. 'അലാ ഹാമിശിത്തഫാസീർ' എന്ന പേരിൽ ഏഴു വാള്യങ്ങളിലായി അറബിഭാഷയിൽ ഖുർആൻ വ്യാഖ്യാനമെഴുതിയ മലയാളി പണ്ഡിതൻ?

14. 'മോക്ഷമൂലർ' എന്ന സംസ്കൃത നാമം സ്വീകരിച്ച യൂറോപ്യൻ എഴുത്തുകാരൻ?

15. *കാബൂളിവാലാ* ആരുടെ കൃതിയാണ്?

16. പതിനാലാം നൂറ്റാണ്ടിലെ മൊറോക്കൻ സഞ്ചാരി ഇബ്നു ബത്തൂത്തയുടെ ഹജ്ജ് യാത്രയുടെ ചലച്ചിത്രാവിഷ്കാരം ഈയടുത്ത് പുറത്തിറങ്ങുകയുണ്ടായി. ഹജ്ജ് സീസണിൽ മക്കയിൽ ഷൂട്ട് ചെയ്ത സിനിമ എന്ന പ്രത്യേകതയും ഇതിനുണ്ട്. ഏതാണീ സിനിമ?

17. കേരളത്തിൽ കടൽതീരത്തിന്റെ ആകെ ദൈർഘ്യം?

18. 'തുള്ളിപ്പിടഞ്ഞതിവന്റെ ദേഹം, ഉള്ളമോ വൻമല പോലെ നിന്നു....' ഇസ്‌ലാമിക സൗഹൃദത്തിന്റെ ഊഷ്മളത വിവരിക്കുന്ന ഈ വരികൾ ആരുടേതാണ്?

19. 'ഇസ്‌ലാമിക് കോൺസ്റ്റിറ്റ്യൂഷനൽ മൂവ്മെന്റ്' ഏത് രാജ്യത്താണ് പ്രവർത്തിക്കുന്നത്?

20. ശഹീദ് ഹസനുൽ ബന്നായെ കൊല്ലാൻ നിയോഗിക്കപ്പെട്ടവരിൽ ഒരാൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ആരാണിയാൾ?

21. ആചാരങ്ങൾക്കപ്പുറം ശരീഅത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിലൂന്നി വിധി കണ്ടെത്തുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്ന കർമശാസ്ത്രം?

22. 1982–ലെ ഒരു കൂട്ടക്കൊലയുടെ പേരിലാണ് സദ്ദാം ഹുസൈൻ തൂക്കിലേറ്റപ്പെട്ടത്. 148 പേരുടെ മരണത്തിനിടയാക്കിയ ആ കൂട്ടക്കൊല ഏത്?

23. *മരുഭൂമിയിലെ പ്രവാചകൻ* എന്ന നോവൽസമാന ചരിത്രാഖ്യാനത്തിന്റെ രചയിതാവ്?

24. വേൾഡ് ഇസ്‌ലാമിക്

ഇക്ണോമിക് ഫോറത്തിന്റെ രണ്ടാം സമ്മേളനം നടന്നതെവിടെ?

25. ശറഅ് തള്ളുകയോ കൊള്ളുകയോ ചെയ്യാത്തതും എന്നാൽ മനുഷ്യ ബുദ്ധിക്ക് സ്വീകാര്യമായി തോന്നുന്നതും മുസ്‌ലിം സമൂഹത്തിന് പ്രയോജനകരവുമായ കാര്യങ്ങളാണ്.....................

26. 2007-ൽ പുറത്തിറങ്ങിയ 'Two Legged Horses' എന്ന സിനിമയുടെ സംവിധായിക ആര്? ഷൂട്ടിംഗിനിടെ ബോംബാക്രമണത്തിന് വിധേയയായെങ്കിലും നിസ്സാര പരിക്കുകളോടെ ഇവർ രക്ഷപ്പെട്ടു.

27. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി മലബാർ ഭരണം ഏറ്റെടുത്ത വർഷം?

28. 'ഹിജാബ് അണിയുന്നതുകൊണ്ട് എനിക്കൊരു പ്രശ്നവും തോന്നിയിട്ടില്ല'- ഏഷ്യൻ ഗെയിംസ് അത്‌ലറ്റിക്സിൽ ഹിജാബ് അണിഞ്ഞ് ഓട്ടമത്സരത്തിൽ പങ്കെടുത്ത് സ്വർണം നേടിയ ബഹ്റൈൻ കായികതാരത്തിന്റെ വാക്കുകളാണിവ. ആരാണീ കായിക താരം?

29. ഫലസ്തീൻദേശമെന്ന സ്വപ്ന സാക്ഷാത്കാരത്തിനായി ജീവിതം മുഴുക്കെ തൂലിക ചലിപ്പിച്ച കവി 2008 ആഗസ്റ്റ് 9-ന് ഇഹലോകവാസം വെടിഞ്ഞു. ആരാണിദ്ദേഹം?

30. വിവിധ മതസംഘടനകളെ അണിനിരത്തി പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി നേതൃത്വം നൽകിയിരുന്ന രാഷ്ട്രീയ സഖ്യം?

31. FINCA (Foundation for International Community Assistance) ഏതു രാജ്യത്തെ മൈക്രോ ഫിനാൻസിംഗ് ഏജൻസിയാണ്?

32. വനിതകൾക്ക് മാത്രം കടം നൽകുന്നതിനുവേണ്ടി പാകിസ്താനിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ?

33. *സൈഫുൽ ബത്താർ* ആരുടെ രചനയാണ്?

34. പലിശരഹിത നിധികൾക്ക് മാർഗനിർദേശങ്ങൾ നൽകുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റിയുടെ പേരെന്ത്?

35. സുഡാനിൽ 'സആദ' പാർട്ടിക്ക് രൂപംകൊടുത്തതാര്?

36. ഡാനിഷ് പാർലമെന്റ് ഏത് പേരിലാണറിയപ്പെടുന്നത്?

37. 'സ്വർഗത്തിൽ പ്രവേശിച്ച ഒരു മനുഷ്യനും പിന്നീട് ഭൂമിയിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുകയില്ല; ഒരു വിഭാഗമൊഴികെ' (തിർമിദി). ഏതാണീ വിഭാഗം?

38. 1956-ൽ തുർക്കിയിൽ ജനിച്ച അദ്നാൻ ഒക്താർ ഇന്ന് 37 വെബ്സൈറ്റുകളിലൂടെയും നൂറുകണക്കിന് പുസ്തകങ്ങളിലൂടെയും ഇസ്‌ലാമിക പ്രബോധനരംഗത്ത് സജീവമാണ്. പക്ഷേ, ഇദ്ദേഹം തന്റെ തൂലികാ നാമത്തിലൂടെയാണ് ഇസ്‌ലാമികലോകത്ത് അറിയപ്പെടുന്നത്. തൂലികാ നാമമേത്?

39. ജറൂസലമിലെ ഹോളോകാസ്റ്റ് മ്യൂസിയത്തിന്റെ പേര്?

40. അത്യാധുനിക സൈബർ മാധ്യമമായ ബ്ലോഗിന്റെ മലയാള ഭാഷ്യം?

41. 'ചിൽഡ്രൻ ഓഫ് ഹെവൻ' ഉൾപ്പെടെ നിഷ്കളങ്കരായ കുട്ടികളുടെ കഥ പറഞ്ഞ് ലോക സിനിമാ വേദികളിൽതന്നെ ശ്രദ്ധേയനായ ഇറാനിയൻ സംവിധായകൻ?

42. ഏതു മതമാണ് വ്രതത്തെ ദുഃഖാചരണത്തിന്റെ ചിഹ്നമായി പരിഗണിക്കുന്നത്?

43. ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക്കിനെതിരെ മത്സരിച്ചു എന്ന കുറ്റത്തിന് ജയിലിലടക്കപ്പെട്ട ഈജിപ്തിലെ രാഷ്ട്രീയ നേതാവ്?

44. സ്പെഷ്യൽ എക്ണോമിക് സോൺ ആദ്യമായി നിലവിൽവന്ന രാജ്യം?

45. ഇന്ത്യയിലെ മുതിർന്ന അഭിഭാഷകരുടെയും സാമൂഹിക പ്രവർത്തകരുടെയും സംയുക്താഭിമുഖ്യത്തിൽ പീഡിതരായ ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി ദൽഹി കേന്ദ്രമായി രൂപീകൃതമായ സംഘടന?

46. യഹൂദ മത പരിഷ്കർത്താവായി ബൈബിളിൽ പറയുന്ന 'എസാ'യെ ഖുർആൻ ഏതു പേരിലാണ് പരിചയപ്പെടുത്തുന്നത്?

47. മൂന്നു പേരുടെ പ്രാർഥന അല്ലാഹു സ്വീകരിക്കും എന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. നോമ്പുകാരൻ, നീതിമാനായ ഭരണാധികാരി. മൂന്നാമനാര്?

48. ''ഓരോ താടിക്കാരനെയും പോലീസ് ഐ.എസ്.ഐ ഏജന്റായി കാണുന്നു. എന്തെങ്കിലും സംഭവമുണ്ടാകുമ്പോഴേക്ക് പോലീസ് മുസ്‌ലിം ചെറുപ്പക്കാരെ കസ്റ്റഡിയിലെടുക്കുന്നു....'' കേന്ദ്ര സർക്കാർ നിയമിച്ച ഒരന്വേഷണ കമീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ പരാമർശമാണിത്. ഏതാണീ കമീഷൻ?

49. *സൂറത്തുത്തൗബ*യിലെ 74-ാം സൂക്തം ആരുടെ കപട സത്യത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്?

50. സമൂദ് ഗോത്രം അധിവസിച്ചിരുന്ന 'അൽഹിജ്ർ', ഇന്ന് അറിയപ്പെടുന്നത് ഏത് പേരിലാണ്?

51. 'പ്രപഞ്ചത്തിന്റെ വീണ'യായി മഹാകവി ഇഖ്ബാൽ വിശേഷിപ്പിക്കുന്നതെന്തിനെ?

52. ഫിത്ർ സകാത്തായി ധാന്യത്തിനു പകരം അതിന്റെ വില നൽകിയാലും മതി എന്ന് അഭിപ്രായമുള്ള കർമശാസ്ത്ര മദ്ഹബ്?

53. ലോകത്തെ ഏറ്റവും മികച്ച സംഗീത കലാലയമായ ലണ്ടനിലെ റോയൽ അക്കാദമി ഓഫ് മ്യൂസിക്കിൽനിന്ന് പതിനെട്ടാം വയസ്സിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ ഇരുപത്തൊമ്പതുകാരൻ കലയെയും സംഗീതത്തെയും ഇസ്‌ലാമിക പ്രബോധനരംഗത്ത് പ്രയോജനപ്പെടുത്താമെന്ന് സ്വന്തം പ്രയത്നങ്ങളിലൂടെ തെളിയിക്കുകയുണ്ടായി. ആരാണിദ്ദേഹം?

54. 'ബർസ' ആരുടെ കൃതിയാണ്?

55. ഒരു സ്പാനിഷ് പത്രം നടത്തിയ സർവേയിൽ മാനവചരിത്രത്തെ സ്വാധീനിച്ച 21 പേരിൽ ഒന്നാമനായി മുഹമ്മദ് നബിയെ തെരഞ്ഞെടുത്തു. ഏതാണീ പത്രം?

56. ഇസ്രയേലിന്റെ ലബനാൻ ആക്രമണത്തെ ചെറുക്കാൻ 1982-ൽ രൂപംകൊണ്ട പ്രതിരോധ പ്രസ്ഥാനം?

57. ഇന്ത്യയിൽ പലിശരഹിത ബാങ്കിംഗ് വേണമെന്ന് റിപ്പോർട്ട് സമർപ്പിച്ച കമീഷൻ?

58. ഗുജ്ജാർ വംശജർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന സംസ്ഥാനം?

59. 'പ്രവാചകന്മാരിലെ പ്രഭാഷകൻ' എന്നത് ആരുടെ വിശേഷണമാണ്?

60. ദുരിതാശ്വാസത്തിന്റെ പേരിൽ ഹിന്ദുത്വ ശക്തികൾക്ക് അമേരിക്കൻ കോർപറേറ്റുകളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഏജൻസി?

61. 'ജീവനുള്ള ഇസ്‌ലാം' ആരുടെ കൃതിയാണ്?

62. നോബൽ സമ്മാന ജേതാവും 'കിഴവനും കടലും' എന്ന വിഖ്യാത കൃതിയുടെ കർത്താവുമായ എഴുത്തുകാരൻ ചിത്തഭ്രമത്തിനടിപ്പെട്ട് ആത്മഹത്യ ചെയ്തു. ആരാണിദ്ദേഹം?

63. മീഡിയയുടെ വാണിജ്യവത്കരണത്തിനെതിരെ അമേരിക്കയിൽ രൂപംകൊണ്ട പ്രസ്ഥാനം?

64. 'സത്യത്തെ നിഷേധിക്കുകയും ജനങ്ങളെ പുഛിക്കുകയും ചെയ്യൽ' എന്ന് പ്രവാചകൻ പരിചയപ്പെടുത്തിയ ഒരു ദുർഗുണം, വിശ്വാസിയുടെ സ്വർഗ പ്രവേശത്തെ തടയുകയും നന്മകളുടെ അടിവേരറുക്കുകയും ചെയ്യുന്നതാണ്.

ഏതാണത്?

65. സുഊദി അറേബ്യ സന്ദർശിച്ച ആദ്യ റഷ്യൻ പ്രസിഡന്റ്?

66. ഏതു വർഷം മുതലാണ് ഇഖ്‌വാനുൽ മുസ്‌ലിമൂൻ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാൻ തുടങ്ങിയത്?

67. പ്രപഞ്ചത്തിന്റെ ആരംഭത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി സ്വിറ്റ്സർലന്റിലെ ജനീവയിൽ നടക്കുന്ന കണികാ പരീക്ഷണത്തിന് നേതൃത്വം നൽകുന്ന ശാസ്ത്ര സ്ഥാപനം?

68. 'നൂറ് രൂപ നോട്ട്'- ആരുടെ കഥയാണ്?

69. ചെച്നിയയിൽ യുദ്ധം ചവച്ചുതുപ്പിയ ഒരു കൂട്ടം മനുഷ്യരുടെ കഥപറയുന്ന 'അലക്സാണ്ട്ര' എന്ന സിനിമയുടെ സംവിധായകനാര്?

70. അമേരിക്ക അഫ്ഗാൻ അധിനിവേശത്തിന് ആദ്യം നൽകിയ പേര്?

71. മുംബൈ ഭീകരാക്രമണത്തിന്റെ മറവിൽ യു.പി.എ സർക്കാർ പാർലമെന്റിൽ ഗൗരവപ്പെട്ട ചർച്ചക്കു പോലും വിധേയമാക്കാതെ പാസ്സാക്കിയെടുത്ത ടാഡക്കും പോട്ടക്കും സമാനമായ ഭീകര വിരുദ്ധ നിയമം?

72. മലയാളത്തിലെ ആദ്യത്തെ ഇസ്‌ലാമിക ബാല പ്രസിദ്ധീകരണം ഏത്? തുടങ്ങിയ വർഷം?

73. ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പൂർണ നാമം?

74. ഫത്ഹുൽ മുബീനിന്റെ രചയിതാവ്?

75. തീരദേശങ്ങളിൽ സൂനാമിയെ പ്രതിരോധിക്കാനും നിബിഡവനം കൊണ്ട് പ്രകൃതിക്ക് പരിരക്ഷ നൽകാനും വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതി?

76. സൂറ *അൽഅഅ്റാഫ്* 73ാം ആയത്തിലെ പരാമർശം എന്തിനെക്കുറിച്ചാണ്?

77. 'ഭീകരതാ വിരുദ്ധയുദ്ധം' അബദ്ധമായിരുന്നുവെന്ന് തുറന്നു പറഞ്ഞ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി?

78. 1782-ൽ മലപ്പുറം പള്ളി കേന്ദ്രീകരിച്ച്, നാടുവാഴി പാറനമ്പിയുമായി നടന്ന സംഘട്ടനത്തെ സംബന്ധിച്ച് മൊയീൻകുട്ടി വൈദ്യർ രചിച്ച പടപ്പാട്ടിന്റെ പേര്?

79. സമൂഹത്തിന്റെ അവകാശങ്ങൾക്ക് വ്യക്തിയുടെ അവകാശത്തേക്കാൾ മുൻഗണന കൽപ്പിക്കപ്പെടുന്നതിനെ ശർഇന്റെ സാങ്കേതിക ഭാഷയിൽ പറയുന്ന പേര്?

80. Asian Development Bank (ADB) നിലവിൽവന്ന വർഷം?

81. ജനവിധിയിലൂടെ ഹമാസ് ഫലസ്ത്വീനിൽ അധികാരത്തിലെത്തിയ വർഷവും മാസവും?

82. 2007-ൽ ജോർദാനിലെ ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ടിന്റെ നേതൃനിരയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ക്രൈസ്തവ നേതാവിന് രഹസ്യപ്പോലീസിന്റെയും ഭരണകൂടത്തിന്റെയും നിരന്തര സമ്മർദങ്ങളുടെ ഫലമായി അവസാനം പാർട്ടിയിൽനിന്നുതന്നെ രാജിവെക്കേണ്ടിവന്നു? ആരാണ് അദ്ദേഹം?

83. ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ കുവൈത്ത് പതിപ്പായ 'ജംഇയ്യത്തുൽ ഇസ്‌ലാഹിൽ ഇജ്തിമാഇ'ന്റെ സ്ഥാപകനും, ലോക ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളിൽ മുൻനിരയിലുള്ള *അൽ മുജ്തമഅ്* വാരികയുടെ തുടക്കക്കാരനും ആരാണ്?

84. 2007-ൽ കാംബ്രിഡ്ജ് യൂനിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക മുസ്‌ലിം സമ്മേളനം നടന്നതെവിടെ?

85. മൗലാനാ മൗദൂദി എഴുതിയ നബിചരിത്ര ഗ്രന്ഥം?

86. 'മാന്യമായി വസ്ത്രം ധരിക്കാത്ത സ്ത്രീകൾ തുറന്നുവെച്ച മാംസം പോലെയാണ്' എന്ന വിവാദ പരാമർശത്തിന്റെ പേരിൽ സ്ഥാനമൊഴിയേണ്ടിവന്ന ആസ്ട്രേലിയൻ മുഫ്തി?

87. ഭരണകൂട ഇടപെടലുകൾകൊണ്ട് സംഘടനാ സംവിധാനം താറുമാറായാലും വ്യക്തിതല പ്രവർത്തനങ്ങളിലൂടെ സംഘടന മുന്നോട്ടു പോകുന്നതിനു വേണ്ടി ഹസനുൽ ബന്ന രൂപംനൽകിയ ആഭ്യന്തര സംഘടനാ സംവിധാനം?

88. ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ സംഘടന?

89. സിറിയയിലെ ഇസ്‌ലാമിക സാഹിത്യകാരന്മാരുടെയും എഴുത്തുകാരുടെയും കൂട്ടായ്മ?

90. ഇന്ത്യയിലെ സംഘ്പരിവാർ ശക്തികളെ ആശയതലത്തിൽ പ്രതിരോധിക്കുന്നതിന് വേണ്ടി ജാവേദ് ആനന്ദും ടീസ്റ്റ സെറ്റിൽവാദും ചേർന്ന് മുംബൈയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന മാസിക?

91. 2000-ൽ മുസ്‌ലിം ലീഗ് തമിഴ്നാട് ഘടകത്തിന്റെ 'സമൂഹ നല്ലിനക്ക' പുരസ്കാരത്തിനർഹനായ ജമാഅത്തെ ഇസ്‌ലാമി മുൻ തമിഴ്നാട് സെക്രട്ടറി?

92. 'സാമ്രാജ്യത്തിനുള്ളിലെ സാമ്രാജ്യം' എന്ന് ബ്രിട്ടീഷുകാർ വിശേഷിപ്പിച്ച മലബാറിന്റെ വീരനായകൻ ആര്?

93. ന്യൂയോർക്കിനെ 'അമേരിക്കയിലെ ജറൂസലം' എന്ന് വിശേഷിപ്പിച്ച എഴുത്തുകാരൻ?

94. 'ഇസ്‌ലാമിക മതമീമാംസയെയും തത്ത്വങ്ങളെയും കാലികമായി വ്യാഖ്യാനിക്കുന്നതിൽ മൗലാനാ മൗദൂദിയുടെ പങ്ക്' എന്ന വിഷയത്തിൽ രാജസ്ഥാൻ യൂനിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് നേടിയ ഗവേഷണ വിദ്യാർഥി?

95. ലോക എണ്ണ ഉൽപാദക രാജ്യങ്ങളുടെ സംഘടനയുടെ പേര്?

96. ജോർജ് ഡബ്ലിയു ബുഷിനു നേരെ ചെരുപ്പെറിഞ്ഞ് ലോക ശ്രദ്ധയാകർഷിച്ച മുൻതദിർ അസ്സൈദി ഏത് മാധ്യമ സ്ഥാപനത്തിന്റെ റിപ്പോർട്ടറായിരുന്നു?

97. പാർലമെന്റ് ആക്രമണ കേസിൽ അന്യായമായി പീഡിപ്പിക്കപ്പെട്ട ശേഷം നിരപരാധിയെന്ന് കണ്ട് വിട്ടയച്ച ദൽഹി യൂനിവേഴ്സിറ്റി പ്രഫസർ?

98. തൗറാത്തിന്റെ കോപ്പികൾ ചുട്ടുകരിക്കണമെന്നും അത് കൈവശം വെക്കുന്നവരെ വധശിക്ഷക്ക് വിധേയരാക്കുമെന്നും ഉത്തരവിറക്കിയ ബാബിലോണിയൻ രാജാവ്?

99. 'ചരിത്രം എന്നെ വിമോചകൻ എന്നു വിളിക്കട്ടെ. എട്ടു വർഷത്തെ പ്രസിഡന്റ് കാലയളവിൽ ഞാൻ നിത്യവും ബൈബിൾ പാരായണം ചെയ്യുന്നു. അതിൽ സമാധാനം കണ്ടെത്തുന്നു.....' ഇത് ആരുടെ വാക്കുകളാണ്?

100. ഫാത്തിഹയുടെ സമ്പൂർണ വ്യാഖ്യാനമെഴുതിയ ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനി? ■